(ബി) ഇതിനുവേണ്ടി ആകെ എത്ര തുക ചെലവഴിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കാലാവധി നിശ്ചയിച്ചിട്ടുണ്ട്. 1-7-2015 മുതൽ പുതിയ കാർഡുകൾ നൽകുവാൻ കഴിയുന്ന രീതിയിലാണ് റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട ജോലികൾ ക്രമീകരിച്ചിരിക്കുന്നത്. നിലവിലെ എല്ലാ കുടുംബങ്ങൾക്കും കാർഡുകൾ വിതരണം ചെയ്യുന്നതാണ്. ഇതിനായി 33 കോടിരൂപ ചെലവഴിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

പുതിയ റേഷൻകാർഡ്- നടപടിക്രമങ്ങൾ

206 (1250) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ റേഷൻകാർഡുകൾ നൽകുന്ന നടപടിക്രമങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) റേഷൻകാർഡുകൾ പുതുക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ലളിതമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രായാധിക്യം, രോഗം, വൈകല്യം എന്നിവ കാരണം മുതിർന്ന കുടുംബനാഥയ്ക്ക് ഫോട്ടോയെടുക്കുന്നതിന് പോകുവാൻ കഴിയില്ലെങ്കിൽ പകരം എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ;

(ഡി) ഇതുമൂലം പ്രസ്തുത കുടുംബത്തിന് ആനുകൂല്യങ്ങളിൽ എന്തെങ്കിലും കുറവ് സംഭവിക്കുമോ ; ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങളായി താമസിക്കുന്നുവെങ്കിൽ വ്യത്യസ്ത കാർഡുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 30-6-2015-ൽ നടപടികൾ പൂർത്തിയാക്കി 1-7-2015-ൽ പുതിയ കാർഡുകൾ വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റേഷൻ കാർഡുകൾ പുതുക്കുന്നതിനായി നൽകിയിട്ടുള്ള അപേക്ഷാ ഫാറത്തോടൊപ്പം പൂരിപ്പിക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഫോട്ടോ ക്യാമുകളിൽ അപേക്ഷാഫാറം പൂരിപ്പിക്കുന്നതിന് സഹായം ആവശ്യമുണ്ടെങ്കിൽ നൽകാൻ ഹെൽപ്പ് ഡെസ്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. നിലവിലെ വസ്തുതകളിൽ നിന്നും വ്യതിയാനം ഉണ്ടെങ്കിൽ മാത്രം ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ചാൽ മതിയാകുന്നതാണ്. പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിലാണ് ക്യാമുകൾ സംഘടിപ്പിച്ചിട്ടുള്ളത്.

(സി) പ്രായാധിക്യമുള്ളവർ, ശയ്യാവലംബർ എന്നീ ഫോട്ടോക്യാമുകളിൽ എത്തിച്ചേരുവാൻ കഴിയാത്തവർക്കായി ഫോട്ടോ എടുക്കാൻ സൗകര്യം ലഭ്യമാക്കും. ഇതുകൂടാതെ മുകളിൽ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും കാരണത്താൽ ക്യാമ്പിൽ എത്താൻ കഴിയാത്തവരുടെ സാക്ഷ്യപത്രം വഴി അവർ ചുമതലപ്പെടുത്തുന്ന കുടുംബത്തിലെ അംഗത്തിന്റെ പേരിൽ റേഷൻകാർഡ് അനുവദിച്ച് നൽകുന്നുണ്ട്.

(ഡി) അർഹതയുള്ളവർക്ക് ആനുകൂല്യങ്ങളിൽ കുറവ് സംഭവിക്കില്ല. തദ്ദേശ സ്വയംഭരണ അധികൃതർ നൽകുന്ന ഭവനനിവാസ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങളായി താമസിക്കുന്നവർക്ക് വ്യത്യസ്ത കാർഡുകൾ നൽകുന്നതാണ്.

പുതിയ മാവേലി സ്റ്റോറുകൾ

207 (1251) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ആരംഭിച്ച മാവേലിസ്റ്റോറുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) മലപ്പുറം ജില്ലയിൽ ഏതെല്ലാം മാവേലിസ്റ്റോറുകൾ അനുവദിച്ചുവെന്നും എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) മലപ്പുറം മണ്ഡലത്തിലെ മൊറയൂർ, ആനക്കയം പഞ്ചായത്തുകളിലെ മാവേലിസ്റ്റോറുകൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly